'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

# സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - കരകുളം ഗ്രാമ പഞ്ചായത്ത് - 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വികസന ഫണ്ട് - പൊതു വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

## ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.3556/2025/ധന തീയതി, തിരുവനന്തപുരം, 10-04-2025

പരാമർശം : 1. 28/11/2024 തീയതിയിലെ കരകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 400239/DPDC01/GPO/2024/10250(1) നം. കത്ത്

2. 09/01/2025 തീയതിയിലെ കുടപ്പനക്കുന്ന് സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ' പശുവളർത്തൽ പദ്ധതി വനിത' (102), 'ആട് വളർത്തൽ വനിത' (105) എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ 99,750/- രൂപ പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കരകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ' പശുവളർത്തൽ പദ്ധതി വനിത' (102), 'ആട് വളർത്തൽ വനിത' (105) എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി, പരാമർശം (2) ലെ കുടപ്പനക്കുന്ന് സബ്ട്രഷറി ഓഫീസറുടെ കത്തിന്റെയും, പരാമർശം (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ,

2025 –26 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ 3604–00–200–81–(05)–35 (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും കരകുളം ഗ്രാമപഞ്ചായത്തിന് (G010604) ₹99,750/- രൂപ (തൊണ്ണൂറ്റി ഒൻപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് (മാലിനി രാജീവ് – ₹30,000 രൂപ, ശോഭന – ₹30,000 രൂപ, രവീന്ദ്രൻ നായർ എസ് – ₹30,000 രൂപ, സാനുമതി – ₹9,750/- രൂപ) ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കരകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–I), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–II), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ (ബി.ഡബ്ല്യൂ–ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ–3022977)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ